മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

116 [1298] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ ജില്ലാതല ഓഫീസുകൾ ആരംഭിച്ചശേഷം ഉണ്ടായ റവന്യൂ വർദ്ധനവ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) താലൂക്ക് തലത്തിൽ ഓഫീസുകൾ തുടങ്ങുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇപ്പോൾ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

ഹാന്റെക്സിൽ പി. എസ്. സി. മുഖേന നിയമനം

117 [1304] ശ്രീ. സി. മമ്മൂട്ടി:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിൽ പി. എസ്. സി. മുഖേന നിയമനം നടത്തണമെന്നുള്ള ഉത്തരവ് എന്നാണ് നിലവിൽ വന്നത്;

(ബി) ഇതിന് ശേഷം എത്ര പേർക്ക് ഹാന്റെക്സിൽ സ്ഥിരനിയമനം നൽകി; അതിന്റെ മാനദണ്ഡം എന്തായിരുന്നു;

(സി) കോടതി ഉത്തരവ് വഴിയാണ് ഈ നിയമനമെങ്കിൽ ബഹു. കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 24-5-1995-ൽ

(ബി) നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും 24-5-1995-ന് ശേഷം സർക്കാർ അംഗീകാരത്തോടെ ഒരാളെയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15 പേരേയും ആശ്രിത നിയമനപ്രകാരം 4 പേരേയും നിയമിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ ടി. എസ്.പി. ഫണ്ട് കൂടി പ്രയോജനപ്പെടുത്തി ആരംഭിച്ച ഗാർമെന്റ് യൂണിറ്റിൽ നേരിട്ടുള്ള നിയമനപ്രകാരം 50 സ്ത്രീ തൊഴിലാളികളേയും നിയമിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ

118 [1308] ശ്രീ. വി. ഡി. സതീശൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എ. കെ. മണി:

,, എം. പി. ഗംഗാധരൻ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഈറ്റ, മൽസ്യം, ഖാദി ഗ്രാമവ്യവസായങ്ങൾ എന്നിവയാണ് കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ.

(ബി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വില്പനയ്ക്ക് 50% കേന്ദ്ര സഹായത്തോടെ വിപണന വികസന സഹായം (എം. ഡി. എ.), 100%

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly